Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

24/03/2020

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കൊവിഡ്-19 ഒരു മഹാമാരിയായി ലോകത്തെ ഗ്രസിക്കുമ്പോൾ നമുക്ക് പ്രാർത്ഥനയിൽ ഒന്നു ചേരാം. ഫ്രാൻസിസ് മാർപാപ്പ ലോകത്തുള്ള സകല വിശ്വാസികളോടും മാർച്ച് 25 ബുധനാഴ്ച വൈകിട്ട് 4.30 ന് തന്നോടൊപ്പം "സ്വർഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥന ചൊല്ലാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ, മാർച്ച് 27 വെള്ളിയാഴ്ച രാത്രി 10.30 മുതൽ ലോകം മുഴുവൻ മാർപാപ്പയോട് ചേർന്നു നടത്തുന്ന ദിവ്യകാരുണ്യ ആരാധനയിൽ നമുക്കും പങ്കും ചേരാം. കെ.സി.ബി.സി. ആഹ്വാനം ചെയ്തതുപ്രകാരം ഇതേ ദിവസം പ്രാർത്ഥനാദിനമായും ആചരിച്ച് ദൈവത്തിന്റെ കരുണയ്ക്കായി പ്രാർത്ഥിക്കാം.

എല്ലാ ദിവസവും വൈകീട്ട് മൂന്നുമണിക്ക് കരുണയുടെ ജപമാല ചൊല്ലി ഈ കഠിനനാളുകളെ അതിജീവിക്കാൻ ശ്രമിക്കാം. സാധിക്കുമെങ്കിൽ ആ സമയം പള്ളിമണിയടിച്ച് ഇക്കാര്യം വിശ്വാസികളെ ഓർമ്മിപ്പിക്കുന്നത് നല്ലതാണ്. കൊറോണ വൈറസ് ബാധിച്ചവരേയും അവരെ ശുശ്രൂഷിക്കുന്നവരേയും പ്രത്യേകിച്ച് ഡോക്ടർമാരേയും നഴ്സുമാരേയും ആരോഗ്യ മേഖലയിൽ ജീവൻ പണയം വച്ച് പ്രവർത്തിക്കുന്ന മറ്റെല്ലാവരേയും നാം പ്രാർത്ഥനയിൽ ഓർക്കണം.

മേൽ സൂചിപ്പിച്ച സമയങ്ങളിൽ ദിവ്യകാരുണ്യ ആരാധനയും കരുണയുടെ ജപമാലയും അതിരൂപതാ ഇന്റർനെറ്റ് മിഷന്റെ നേതൃത്വത്തിൽ സംപ്രേക്ഷണം ചെയ്യുന്നതാണ്.

അതിരൂപതാ സോഷ്യൽ സർവീസസിന്റെ നേതൃത്വത്തിൽ ഇടവകകളെ കേന്ദ്രീകരിച്ച് നടത്തുന്ന വിപുലമായ സേവനപ്രവർത്തനങ്ങളിൽ നിങ്ങളെല്ലാവരും സഹകാരികളാകണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

പ്രാർത്ഥനയോടെ,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Antony

ആർച്ചുബിഷപ്പ് ആന്റണി കരിയിൽ
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY